**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1420** **07-02-2023 - ൽ മറുപടിയ്ക്ക്**

**സ്കൂളുകളിലെ തസ്തിക നിർണയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സ്കൂളുകളിൽ 2022-23 ജൂൺ, ജൂലൈ മാസങ്ങളിൽ പൂർത്തീകരിക്കേണ്ടിയിരുന്ന തസ്തിക നിർണയം പൂർത്തീകരിക്കാൻ കാലതാമസം നേരിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിൽ, ഓരോ അദ്ധ്യയന വർഷവും ആറാം പ്രവൃത്തി ദിവസത്തെ കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ തസ്തിക നിർണ്ണയം നടത്താൻ കേരള വിദ്യാഭ്യാസ ചട്ടത്തിൽ വ്യവസ്ഥ ചെയ്യുന്നു. സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ 2022-23 അധ്യയന വർഷത്തെ അധിക തസ്തിക ഒഴികെ ഉള്ള തസ്തികകളുടെ തസ്തിക നിർണ്ണയ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്.<br><br>സ.ഉ.(അച്ചടി) 5/2022/GEDN തീയതി 18.04.2022 (S.R.O.No.375/2022) സർക്കാർ ഉത്തരവ് പ്രകാരം KER അധ്യായം XXIII ചട്ടം 12 ഉൾപ്പെടെ വിവിധ ചട്ടങ്ങൾക്ക് വരുത്തിയ ഭേദഗതി ബഹു.ഹൈക്കോടതി സ്റ്റേ ചെയ്തിരുന്നതിനാലും, കോടതി വിധിയ്ക്കനുസൃതമായിട്ടേ തസ്തിക നിർണ്ണയ നടപടികൾ തുടരാൻ സാധിക്കുകയുള്ളു എന്ന സ്ഥിതി നിലനിന്നിരുന്നതിനാലും, 2022-23 അധ്യയന വർഷത്തെ തസ്തിക നിർണ്ണയവുമായി ബന്ധപ്പെട്ട നടപടികൾ കോടതി സ്റ്റേ ഒഴിഞ്ഞതിനു ശേഷം മാത്രമാണ് പൂർണമായും ആരംഭിക്കാൻ സാധിച്ചത്. 2022-2023 വർഷത്തെ തസ്തിക നിർണ്ണയം പുതുക്കിയ ചട്ട ഭേദഗതി പ്രകാരമാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. അധിക തസ്തിക ഒഴികെയുള്ള തസ്തിക നിർണ്ണയത്തിന്റെ പ്രാബല്യ തീയതി ജൂലൈ 15 മുതൽക്കാണ്. അധിക തസ്തികകൾ ഒക്ടോബർ 1 മുതൽ പ്രാബല്യത്തിൽ വരും. തസ്തിക നിർണ്ണയ നടപടികൾ സമന്വയ സോഫ്റ്റ്‌വെയർ വഴിയാണ് നടത്തേണ്ടത്. സ.ഉ.(കൈ) 102/2022/GEDN തീയതി 08.06.2022 പ്രകാരം പുതുക്കിയ ചട്ടഭേദഗതികൾ അനുസരിച്ച് നിയമനം നടത്തുന്നതിന് ഉള്ള കാലയളവിൽ അധ്യയനം മുടങ്ങാതിരിക്കുന്നതിനായി |

| | | | |
|---|---|---|---|
| | | | ദിവസവേതനാടിസ്ഥാനത്തിൽ താത്കാലിക അധ്യാപകരെ സ്കൂൾ തുറക്കുന്ന തീയതിയിൽ മുതൽ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>മുൻ വർഷങ്ങളിൽ ഇത്തരത്തിൽ തസ്തിക നിർണ്ണയം നടത്തി അധിക തസ്തിക അനുവദിക്കാനുള്ള അധികാരം അതാത് ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് ആയിരുന്നു. പുതുക്കിയ ചട്ട ഭേദഗതി പ്രകാരം അധിക തസ്തികകൾ അനുവദിക്കുന്നതിനായി ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ അന്വേഷണം നടത്തേണ്ടതും, അധിക തസ്തികകൾക്കായി പൊതുവിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്യുന്ന സ്കൂളുകളിൽ സൂപ്പർചെക്ക് ഓഫീസറെയോ സർക്കാർ നിർദേശിക്കുന്ന ഉദ്യോഗസ്ഥന്മാരെയോ ഉപയോഗിച്ച് വിശദമായി സ്പോട്ട് വെരിഫിക്കേഷൻ നടത്തേണ്ടതും സമന്വയ സോഫ്റ്റ്‌വെയർ വഴി സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിക്കേണ്ടതുമുണ്ട്. പൊതുവിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്യുന്ന അധിക തസ്തികകൾ സംബന്ധിച്ച അനുമതി നൽകേണ്ടത് സർക്കാരാണ്. മേൽ പറഞ്ഞ നടപടികൾ പൂർത്തിയാക്കി അധിക തസ്തിക അനുവദിക്കുന്നതിനും പ്രസ്തുത ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിനും അടിയന്തര നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | തസ്തിക നിർണയം പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; ഇല്ലെങ്കിൽ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദവിവരം നൽകുമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിൽ, ഓരോ അദ്ധ്യയന വർഷവും ആറാം പ്രവൃത്തി ദിവസത്തെ കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ തസ്തിക നിർണ്ണയം നടത്താൻ കേരള വിദ്യാഭ്യാസ ചട്ടത്തിൽ വ്യവസ്ഥ ചെയ്യുന്നു. സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ 2022-23 അധ്യയന വർഷത്തെ അധിക തസ്തിക ഒഴികെ ഉള്ള തസ്തികകളുടെ തസ്തിക നിർണ്ണയ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്.<br><br>സ.ഉ.(അച്ചടി) 5/2022/GEDN തീയതി 18.04.2022 (S.R.O.No.375/2022) സർക്കാർ ഉത്തരവ് പ്രകാരം KER അധ്യായം XXIII ചട്ടം 12 ഉൾപ്പെടെ വിവിധ ചട്ടങ്ങൾക്ക് വരുത്തിയ ഭേദഗതി ബഹു.ഹൈക്കോടതി സ്റ്റേ ചെയ്തിരുന്നതിനാലും, കോടതി വിധിയ്ക്കനുസൃതമായിട്ടേ തസ്തിക നിർണ്ണയ നടപടികൾ തുടരാൻ സാധിക്കുകയുള്ളൂ എന്ന സ്ഥിതി നിലനിന്നിരുന്നതിനാലും, 2022-23 അധ്യയന വർഷത്തെ തസ്തിക നിർണ്ണയവുമായി ബന്ധപ്പെട്ട നടപടികൾ കോടതി സ്റ്റേ ഒഴിഞ്ഞതിനു ശേഷം മാത്രമാണ് പൂർണമായും ആരംഭിക്കാൻ സാധിച്ചത്. |

| | | | | |
|---|---|---|---|---|
| | | | | 2022-2023 വർഷത്തെ തസ്തിക നിർണ്ണയം പുതുക്കിയ ചട്ട ഭേദഗതി പ്രകാരമാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. അധിക തസ്തിക ഒഴികെയുള്ള തസ്തിക നിർണ്ണയത്തിന്റെ പ്രാബല്യ തീയതി ജൂലൈ 15 മുതൽക്കാണ്. അധിക തസ്തികകൾ ഒക്ടോബർ 1 മുതൽ പ്രാബല്യത്തിൽ വരും. തസ്തിക നിർണ്ണയ നടപടികൾ സമന്വയ സോഫ്റ്റ്‌വെയർ വഴിയാണ് നടത്തേണ്ടത്. സ.ഉ. (കൈ) 102/2022/GEDN തീയതി 08.06.2022 പ്രകാരം പുതുക്കിയ ചട്ടഭേദഗതികൾ അനുസരിച്ച് നിയമനം നടത്തുന്നതിന് ഉള്ള കാലയളവിൽ അധ്യയനം മുടങ്ങാതിരിക്കുന്നതിനായി ദിവസവേതനാടിസ്ഥാനത്തിൽ താത്കാലിക അധ്യാപകരെ സ്കൂൾ തുറക്കുന്ന തീയതിയിൽ മുതൽ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>മുൻ വർഷങ്ങളിൽ ഇത്തരത്തിൽ തസ്തിക നിർണ്ണയം നടത്തി അധിക തസ്തിക അനുവദിക്കാനുള്ള അധികാരം അതാത് ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് ആയിരുന്നു. പുതുക്കിയ ചട്ട ഭേദഗതി പ്രകാരം അധിക തസ്തികകൾ അനുവദിക്കുന്നതിനായി ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ അന്വേഷണം നടത്തേണ്ടതും, അധിക തസ്തികകൾക്കായി പൊതുവിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്യുന്ന സ്കൂളുകളിൽ സൂപ്പർചെക്ക് ഓഫീസറെയോ സർക്കാർ നിർദേശിക്കുന്ന ഉദ്യോഗസ്ഥന്മാരെയോ ഉപയോഗിച്ച് വിശദമായി സ്പോട്ട് വെരിഫിക്കേഷൻ നടത്തേണ്ടതും സമന്വയ സോഫ്റ്റ്‌വെയർ വഴി സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിക്കേണ്ടതുമുണ്ട്. പൊതുവിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്യുന്ന അധിക തസ്തികകൾ സംബന്ധിച്ച അനുമതി നൽകേണ്ടത് സർക്കാരാണ്. മേൽ പറഞ്ഞ നടപടികൾ പൂർത്തിയാക്കി അധിക തസ്തിക അനുവദിക്കുന്നതിനും പ്രസ്തുത ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിനും അടിയന്തര നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ